## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ :*195

16/08/2017 ൽ
മറുപടിയ്ക്ക്

### ഖാദി മേഖലയുടെ പുനരുദ്ധാരണം

ചോദ്യം
ശ്രീ.പുരുഷൻ കടലുണ്ടി
ശ്രീ.ജെയിംസ് മാത്യൂ
ശ്രീ.സി.കെ.ഹരീന്ദ്രൻ
ശ്രീ.പി.കെ.ശശി

ഉത്തരം
ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഖാദി മേഖലയെ പുനരുദ്ധരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് പുതുതായി ആവിഷ്കരിച്ചിട്ടുള്ളത് ; | (എ) | കേരള സംസ്ഥാനത്ത് ഖാദി പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നത് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് വഴിയാണ്. ഖാദി മേഖലയിലെ ആധുനികവൽക്കരണം വഴി ശാരീരിക ആയാസം കുറഞ്ഞ ചർക്കകളും തറികളും സ്ഥാപിക്കൽ, ചർക്കകളുടേയും തറികളുടേയും താരതമ്യേന പരിഷ്കൃത രൂപങ്ങൾ ലഭ്യമാക്കൽ , അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയുള്ള ഉല്പാദനകേന്ദ്രങ്ങൾ സ്ഥാപിക്കൽ , തൊഴിലാളികൾക്ക് മിനിമം കൂലി , ഉത്സവബത്ത , ഉല്പാദന ഇൻസെന്റീവ് , ഇ.എസ്.ഐ , ക്ഷേമനിധി ആനുകൂല്യങ്ങൾ മുതലായവ ഏർപ്പെടുത്തൽ, അധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ , കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി , തൊഴിലാളികൾക്ക് നിശ്ചിത ഇടവേള കളിലെ പരിശീലനം, സ്ലീറ്റ് വീവിംഗ് , ഖാദി ഗ്രാമം പദ്ധതി,സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി |

| | | | |
|---|---|---|---|
| | | | അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്കു പകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ , ഖാദിയിലെ വൈവിദ്ധ്യവൽക്കരണം തുടങ്ങിയ പദ്ധതികൾ ഖാദി മേഖലയെ പുനരുദ്ധരിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി പുതിയ ഖാദി ഉൽപ്പാദന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (ബി) | ഉണ്ട്. തിരുവനന്തപുരം പ്രോജക്ടിൽ വെഞ്ഞാറമൂട്ടിൽ ഒരു നെയ്ത്തു കേന്ദ്രം അരുവിക്കരയിൽ ഒരു സിൽക്ക് നെയ്ത്ത് യൂണിറ്റ്, ഡൈ യൂണിറ്റും, ആലപ്പുഴ പ്രോജക്ടിനു കീഴിൽ കരുവാറ്റയിൽ ഒരു സ്പിന്നിംഗ് യൂണിറ്റ്, കോട്ടയം പ്രോജക്ടിനു കീഴിൽ അമയന്നൂർ,പാമ്പാടി എന്നിവിടങ്ങളിൽ വാർപ്പിംഗ് ആന്റ് വീവിംഗ് യൂണിറ്റ്, ഇടുക്കി പ്രോജക്ടിനു കീഴിൽ ഉടുമ്പന്നൂരിൽ നെയ്ത്തു കേന്ദ്രം, എറണാകുളം പ്രോജക്ടിൽ കരിമ്പാടത്ത് സ്ലീറ്റ് വീവിംഗ് സെന്റർ, തിരുവാണിയൂരിൽ സ്പിന്നിംഗ് യൂണിറ്റ്, കരിമാലൂരിൽ ഡൈയിംഗ് യൂണിറ്റ്, പാലക്കാട് പ്രോജക്ടിൽ ശ്രീകൃഷ്ണപുരത്ത് നെയ്ത്ത്,നൂൽപ്,മാറ്റ് വീവിംഗ് യൂണിറ്റ്, മലപ്പുറം പ്രോജക്ടിൽ മാമാങ്കര സ്പിന്നിംഗ് യൂണിറ്റ്, പയ്യന്നൂർ ഖാദി കേന്ദ്രത്തിനു കീഴിൽ നെല്ലുന്നിയിൽ വാർപ്പിംഗ് യൂണിറ്റ്, പിണറായിയിൽ നെയ്ത്തു കേന്ദ്രം, വലിയപൊയിൽ നെയ്ത്തു കേന്ദ്രം, ചെറുവത്തൂരിൽ വാർപ്പിംഗ് യൂണിറ്റ്, കണ്ണപുരം, പൂക്കാനം എന്നിവിടങ്ങളിൽ നെയ്ത്തു കേന്ദ്രവും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കോട്ടയം പ്രോജക്ടിന്റെ കീഴിൽ ഖാദിയുടെ ഒരു റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് സെന്റർ ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഖാദി തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പു വരുത്തുന്നതിനായി 'വരുമാന താങ്ങൽ പദ്ധതി' നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (സി) | ഉണ്ട്. 2010-11 മുതൽ ഖാദി മേഖലയിൽ മിനിമം വേതനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയിൻ കീഴിൽ 2016-17 സാമ്പത്തിക വർഷത്തിൽ 29.645 കോടി രൂപ 13000 ൽ പരം തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 2017-18 വർഷത്തേക്ക് ഒന്നാം ഗഡുവായി |

| | | | |
|---|---|---|---|
| | | | 24.50 കോടി രൂപ നൽകുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ തുകയെല്ലാം തന്നെ വരുമാന താങ്ങൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. |
| (ഡി) | അവരുടെ മിനിമം വേതനം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | (ഡി) | സ്വീകരിച്ചിട്ടുണ്ട്. ഏറ്റവും കുറഞ്ഞ വേതനം ലഭിക്കുന്ന തൊഴിൽ മേഖലയായിരുന്ന ഖാദി വ്യവസായ മേഖലയിൽ നിന്നും വേതന കുറവ് മൂലം ധാരാളം തൊഴിലാളികൾ ഈ മേഖല വിട്ടു പോകാൻ ഇടയായ സാഹചര്യത്തിലാണ് സർക്കാർ ഉത്തരവ് (കൈ) നമ്പർ 5/2010/ തൊഴിൽ തീയതി 08/01/2010 പ്രകാരം ഈ മേഖലയിൽ മിനിമം വേതനം 08/04/2011 മുതൽ നടപ്പിലാക്കിയത്.ഖാദി മേഖലയിലെ കൂലിയും ഉല്പന്നവിലയും താരതമ്യം ചെയ്ത് കാലാകാലങ്ങളിൽ ഖാദി കമ്മീഷൻ പരിഷ്കരിച്ച് പുറപ്പെടുവിക്കുന്ന 'കോസ്റ്റ് ചാർട്ട്' കൂലി അതാത് സ്ഥാപനങ്ങളിൽ നിന്നും അതാത് സമയത്തും, മിനിമം വേതന പ്രകാരമുള്ള കൂലി വരുമാന താങ്ങൽ പദ്ധതി പ്രകാരം സർക്കാർ വർഷാവർഷം അനുവദിച്ചു തരുന്ന തുകയിൽ നിന്നുമാണ് വിതരണം ചെയ്തുവരുന്നത്.<br>02/10/2016 മുതൽ ഈ മേഖലയിൽ കോസ്റ്റ് ചാർട്ട് പ്രകാരമുള്ള കൂലി ഖാദി കമ്മീഷൻ വർദ്ധിപ്പിച്ചിട്ടുണ്ട്. കോസ്റ്റുചാർട്ട് പ്രകാരമുള്ള കൂലിയും മിനിമം വേതനവും തമ്മിൽ അന്തരമില്ലാതെ വന്നതിന്റെ ഫലമായി മിനിമം കൂലിയുടെ പ്രസക്തി പ്രത്യക്ഷത്തിൽ ഇല്ലാതായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ മിനിമം വേതനം പുതുക്കുന്നതിനായി 25/11/2016 ൽ സ.ഉ.(പി) 187/16 പ്രകാരം മിനിമം വേതന ഉപദേശക സമിതി രൂപീകരിച്ച് 9 സിറ്റിംഗ് നടത്തുകയും പരിഷ്കരണ നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയുമാണ്. |

സെക്ഷൻ ഓഫീസർ